**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5083** **20-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ/ ശോച്യാവസ്ഥ പരിഹരിക്കുവാൻ തീരുമാനിച്ച വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികളുടെ പുരോഗതിയും കൂടാതെ കുറ്റിപ്പുറം, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കുറ്റിപ്പുറം, നടുവട്ടം, എടയൂർ, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | (എ) യുടെ മറുപടി |
| (സി) | കുറ്റിപ്പുറം, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും അറിയിക്കുമോ; വിശദമാക്കാമോ; | (സി) | (എ) യുടെ മറുപടി |
| (ഡി) | കാട്ടിപ്പരുത്തി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | (ഡി) | (എ) യുടെ മറുപടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കോട്ടക്കൽ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ/ശോച്യാവസ്ഥ പരിഹരിക്കുവാൻ തീരുമാനിച്ച വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികളുടെ പുരോഗതിയും കൂടാതെ കുറ്റിപ്പുറം, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നം. | വില്ലേജ് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|
| 1 | പൊന്മള | 2021-22 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി 44 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| 2 | മാറാക്കര | 2022-23 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച കരട് ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |
| 3 | കോട്ടക്കൽ | 2022-23 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കോട്ടക്കൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. |
| 4 | മേൽമുറി | നിർമ്മാണ പ്രവർത്തനം 90% പൂർത്തിയായിട്ടുണ്ട്. |
| 5 | ഇരിമ്പിളിയം | സ്മാർട്ട് വില്ലേജ് ഉദ്ഘാടനം കഴിഞ്ഞു. |
| 6 | നടുവട്ടം | 2020-21 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടുവട്ടം വില്ലേജ് ഓഫീസിന് 14,46,000/- രൂപയുടെ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത ഏജൻസിയെ തിരഞ്ഞെടുക്കുകയും 31.03.2022-നകം നിർമ്മാണം പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ ജില്ലാ കളക്ടറുമായി നിയമപരമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്യുകയുണ്ടായി. എന്നാൽ എഗ്രിമെന്റിൽ പറഞ്ഞ കാലാവധിക്കുള്ളിൽ പ്രവൃത്തി തുടങ്ങാത്തതിനാൽ പ്രസ്തുത ഏജൻസിയുമായുള്ള കരാർ റദ്ദ് ചെയ്ത് ഉത്തരവാകുകയും പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | കാട്ടിപ്പരുത്തി | 2020-21 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടിപ്പരുത്തി വില്ലേജ് ഓഫീസിന് 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത ഏജൻസിയെ തിരഞ്ഞെടുക്കുകയും 31.03.2022-നകം നിർമ്മാണം പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ ജില്ലാ കളക്ടറുമായി നിയമപരമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്യുകയുണ്ടായി. പ്രവൃത്തി ആരംഭിക്കുന്നതിന് നിരവധി തവണ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും |

| | | |
|---|---|---|
| | | എഗ്രിമെന്റിൽ പറഞ്ഞ കാലാവധിക്കുള്ളിൽ പ്രവൃത്തി തുടങ്ങാത്തതിനാൽ പ്രസ്തുത ഏജൻസിയുമായുള്ള കരാർ റദ്ദ് ചെയ്ത് ഉത്തരവാകുകയും പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| 8 | കുറ്റിപ്പുറം | സ്ഥലം കൈമാറുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | എടയൂർ | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സ്മാർട്ട് വില്ലേജ് ആക്കി മാറ്റുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |